preference as far as papers are concerned and that they should not be penalised on account of that. That is why we make regular payments for the publication of these National War Front Activities.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: ഈ പ്രതിഫലം കൊടുത്തില്ലെങ്കിൽ റിപ്പോർട്ട പ്രസിദ്ധപ്പെടുത്തുകയില്ലെന്ന വല്ല പത്രാധിപന്മാരും പറഞ്ഞിട്ടുണ്ടോ?

മിസ്റ്റർ ബി. വി. കെ. മേനോൻ: അങ്ങിനെ പറഞ്ഞതായിട്ട അറിവില്ല.

Mr. M. K. Raja *(Mulakunnathukavu)*: Sir, is this publication of the news regarding the National War Front Activities for which payment is made considered as an advertisement?

Mr. B. V. K. Menon *(Secretary to Government)*: Not exactly advertisements. They are reports.

Mr. M. K. Raja *(Mulakunnathukavu)*: When the Government is paying does it no mean that it is an advertisement?

Mr. B. V. K. Menon *(Secretary to Government)*: By alloting larger space for this they should not be penalised by not having sufficient space for advertisements. That is why Government are paying.

മിസ്റ്റർ ജി. എസ്സ്. ധാരാസിങ്ങ്: ഈ പ്രസംഗറിപ്പോർട്ടകം പ്രസംഗിച്ചവരെ കൂടാതെ മുഴുവനും തന്നെ വായിക്കാറില്ലെന്ന ഗവർമ്മെണ്ടിനറിയാമോ?

മിസ്റ്റർ ബി. വി. കെ. മേനോൻ: അറിഞ്ഞുകൂടാ.

MEDICAL INSTITUTIONS NOT VISITED BY THE CHIEF MEDICAL OFFICER

90. Miss Annie Joseph *(Trichur-Women)*: Will Government be pleased to give.—

A tabular list of all the Medical institutions not visited by the Chief Medical Officer in the years, 1118, 1119 and 1120?

Mr. C. J. Mathew *(Joint Secretary to Government)*: The list is appended. (Appendix.)

മിസ്സ് ആനി. ജോസഫ്: മലയാറ്റൂർ, വരന്തരപ്പിള്ളി എന്നീ രണ്ടു സ്ഥലങ്ങളിലേക്ക് മൂന്നുകൊല്ലത്തോളമായി ചീഫ് മെഡിക്കലാഫീസർ പോകാതിരിക്കുവാൻ വല്ല കാരണവുമുണ്ടോ?

മിസ്റ്റർ സി. ജെ. മാത്യു: ഇക്കൊല്ലം പോകാമെന്ന സമ്മതിച്ചിട്ടുണ്ട്.

മിസ്സ് ആനി ജോസഫ്: ഈ മൂന്നു കൊല്ലങ്ങൾക്കുള്ളിൽ പോകാത്തതിനു വല്ല പ്രത്യേക കാരണവുമുണ്ടോ എന്നാണ് ചോദിക്കുന്നത്.

മിസ്റ്റർ സി. ജെ. മാത്യു: ആവശ്യം വരാറില്ല. അതുകൊണ്ടു പോകാത്തതാണ്. കൂടാതെ ഫ്ലൂവ്-ലും ഫ്ലൂറൻ-ലും എ. ആർ. പി. വർക്കിനെ സംബന്ധിച്ചുള്ള ജോലികൾ അദ്ദേഹത്തിനു ചെയ്യേണ്ടതുണ്ടായിരുന്നു. മിലിറ്ററി ആശുപത്രിയും ശരിയായിട്ടുള്ള നിലയിൽ വരുത്തുവാൻ പരിശ്രമിക്കേണ്ടിവന്നിട്ടുണ്ട്.

മിസ്സ് ആനി ജോസഫ്: തൃശ്ശിവപേരൂർ മുതലായ സ്ഥലങ്ങളിലേക്ക് മിക്കവാറും പോകാറുള്ളപ്പോൾ ഇവിടങ്ങളിൽ മാത്രം മൂന്നുകൊല്ലംവരെക്കും പോകാതിരിക്കുവാനുണ്ടായ അസൌകര്യമെന്താണ്?

മിസ്റ്റർ സി. ജെ. മാത്യു: യാത്രചെയ്യുവാനുള്ള സൌകര്യം വളരെ കുറവായിരുന്നതുകൊണ്ടാണ്.

മിസ്സ് ആനി ജോസഫ്: മലയാറ്റൂരും വരന്തരപ്പിള്ളിയും ആശുപത്രികളോടുള്ള അവഗണിച്ചിൽ കൊണ്ടായിക്കാമെന്നു കരുതുന്നതിൽ തെറ്റുണ്ടോ?

മിസ്റ്റർ സി. ജെ. മാത്യു: മറ്റേതൊ കാരണംകൊണ്ടായിരിക്കാമെന്നല്ലാതെ അവഗണിച്ചിൽ കൊണ്ടാണ് പോകാത്തതെന്നു വിചാരിക്കുവാൻ ന്യായം കാണുന്നില്ല.

SPECIAL TRAINING OF NURSES IN DELHI—PARTICULARS REGARDING

ൺ. മിസ്റ്റർ കെ.എസ്സ്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഗവർമ്മെണ്ടു സദയം മറുപടി പറയുമോ.—

(എ) ഡൽഹിയിൽ സ്പെഷ്യൽ ട്രെയിനിംഗിനു പോയിരുന്ന നേഴ്സുമാർ ആരൊക്കെ; ട്രെയിനിംഗ് കഴിഞ്ഞു അവർ മടങ്ങിവന്നോ;

(ബി) വന്നുവെങ്കിൽ ഇപ്പോൾ അവർ എവിടെയാണ് നിയമിക്കപ്പെട്ടിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇവരുടെ പ്രത്യേക ട്രെയിനിംഗ് ഏതെല്ലാം വിഷയങ്ങളിലായിരുന്നു ;

(ഡി) ഡൽഹിയിൽനിന്ന് ഇപ്പോൾ പരിശീലനം സിദ്ധിച്ചു മടങ്ങിവന്ന ഇവരെപ്പോലെ ഈ സംഗതിയിൽ പരിശീലനം സിദ്ധിച്ചിട്ടുള്ളവർ വേറെ ആരെങ്കിലും ഇവിടെ ഉണ്ടോ ; ഉണ്ടെങ്കിൽ ആരെല്ലാം ?

മിസ്റ്റർ സി. ജെ. മാത്യു :

(എ) എൽ. ആർ. മേരിയും, ഇ. ദേവകിഅമ്മയും. ഉവ്വ്.

(ബി) ജനറൽ ആസ്പത്രിയിൽ.

(സി) വിഷയവിവരപ്പട്ടിക മേശപ്പുറത്തു വെച്ചിരിക്കുന്നു.

(ഡി) ആരും ഇല്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: രണ്ടുപേരിൽ ഒരാളെ തൃശ്ശിവപേരൂർ സിവിലാസ്പത്രിയിൽ വെക്കുവാൻ വിരോധമുണ്ടോ?

മിസ്റ്റർ സി. ജെ. മാത്യു: തൃശ്ശിവപേരൂർ നിന്നു് ട്രെയിനിംഗിനു് തിരഞ്ഞെടുത്തിട്ടില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അവിടെയും ട്രെയിനിംഗ് കഴിഞ്ഞ നെഴ്സുമാരെ വെക്കേണ്ടതു് ആവശ്യമല്ലേ?

മിസ്റ്റർ സി. ജെ. മാത്യു: ഫ ഫട ഫ-ലെ ബഡ്ഡുറിൽ രണ്ടുപേരെക്കൂടി ട്രെയിനിംഗിനു അയക്കുവാനുള്ള സംഖ്യ പ്രൊവൈഡു ചെയ്തിട്ടുണ്ടു്. അവർ ട്രെയിനിംഗിനുപോയി മടങ്ങി വന്നതിനുശേഷം നിയമിക്കാം.

മിസ്റ്റർ കെ. എസ്. പണിക്കർ: ഇതുവരെ എറണാകുളത്തും ഉണ്ടായിരുന്നില്ലല്ലോ. അതുകൊണ്ടു് ഇവരിൽ ഒരാളെ എറണാകുളത്തും ഒരാളെ തൃശ്ശിവപേരൂരും നിയമിക്കാമോ?

മിസ്റ്റർ സി. ജെ. മാത്യു: എറണാകുളത്തു ഓക്സിലിയറി നെഴ്സിംഗിനു പരിശീലിക്കുന്ന ആളുകളുണ്ടു്.

മിസ്റ്റർ കെ. എസ്. പണിക്കർ: ഇവിടെ ട്രെയിനിംഗ് കഴിച്ചിട്ടുള്ള ഇറാലിയൻ നെഴ്സില്ലേ?

മിസ്റ്റർ സി. ജെ മാത്യു: ഇറാലിയൻ നെഴ്സ് ഇതിനുള്ളതല്ല.

Mr. P. Kumaran Ezhuthassan *(Vadakkancheri)* : May I know, Sir, what is the cost of training of one nurse at Delhi?

Mr. C. J. Mathew *(Joint Secretary toGovernment)* : I want notice.

മിസ്റ്റർ കെ. എസ്. പണിക്കർ: തൃശ്ശിവപേരൂരിൽ സിവിലാശുപത്രി, മെറേറർ നിറ്റി ആശുപത്രി ഇങ്ങിനെ രണ്ടെണ്ണമുള്ളതുകൊണ്ടു് അവിടെയും കൂറച്ചു പ്രാധാന്യമുണ്ടെന്നു അറിയാമോ?

മിസ്റ്റർ സി. ജെ. മാത്യു: വരുന്ന കൊല്ലം ട്രെയിനിംഗ് കഴിഞ്ഞ ഉടനെ നിയമിക്കാം.

മിസ്റ്റർ കെ. എസ്. പണിക്കർ: എത്ര പേരെ അയക്കണമെന്നാണു് വിചാരിക്കുന്നതു്?

മിസ്റ്റർ സി. ജെ. മാത്യു: മട്ടാഞ്ചേരി, തൃശ്ശിവപേരൂർ, എറണാകുളം ഈ മൂന്നു സെൻറിൽ വേണമെന്നാണു് തീർച്ചയാക്കീട്ടുള്ളതു്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: നാലാളുകളെയെങ്കിലും ട്രെയിനിംഗ് കഴിപ്പിച്ചു് നിയമിക്കാമോ?

മിസ്റ്റർ സി. ജെ. മാത്യു: മൂന്നാളുകളുടെ അപേക്ഷയേ കഴിഞ്ഞ പ്രാവശ്യം ഉണ്ടായിരുന്നുള്ളൂ. അതിൽ രണ്ടുപേർക്കേ കിട്ടിട്ടുള്ളൂ.

മിസ്സ് ആനി ജോസഫ്: തൃശ്ശിവപേരൂരിൽ ആരെങ്കിലും അപേക്ഷകന്മാരായി ഉണ്ടായിരുന്നുവോ എന്നു് അന്വേഷിച്ചിട്ടുണ്ടോ?

മിസ്റ്റർ സി. ജെ. മാത്യു: ഫസ്റ്റ് സർക്കുലറിൽ ആരുടേയും അപേക്ഷ കിട്ടുകയുണ്ടായില്ല.

മിസ്സ് ആനി ജോസഫ്: തൃശ്ശിവപേരൂരിൽനിന്നു് രണ്ടു പരെക്കൂടി ട്രെയിനിംഗിനു് അയക്കുവാൻ ഗവർമെണ്ടിനു ദയവുണ്ടാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ സി. ജെ. മാത്യു : ആ കാര്യത്തെപ്പറ്റി ആലോചിക്കാം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അവരെ തിരഞ്ഞെടുത്തുകഴിഞ്ഞുപോ?

മിസ്റ്റർ സി. ജെ. മാത്യു: ഇല്ല.

മിസ്റ്റർ കെ. എസ്സ് പണിക്കർ: എറണാകുളത്തുള്ള നെഴ്സുമാരെ അയക്കുവാൻ സർക്കുലർ അയച്ചകൂട്ടത്തിൽ തൃശ്ശിവപേരൂരിൽനിന്നും എടുക്കുവാനുള്ള സജ്ജേഷനും അയച്ചിട്ടുണ്ടോ?

മിസ്റ്റർ സി. ജെ. മാത്യു: സർക്കുലർ എല്ലാ ഡിപ്പാർട്ടുമെണ്ടുകളിലേക്കും അയച്ചിട്ടുണ്ട്.

മിസ്സ് ആനി ജോസഫ്: അയച്ചിട്ടുണ്ടെന്ന തീർച്ചയാണോ ?

മിസ്റ്റർ സി. ജെ. മാത്യു: ഉവ്വ്.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: ടെയിനിംഗ് കഴിഞ്ഞു വരുന്നവരെ മദർ സുപ്പീരിയർ ജോലിക്കു നിയമിക്കുമോ?

മിസ്റ്റർ സി. ജെ മാത്യു: ആ ചോദ്യത്തിന്നു് ഇപ്പോൾ മറുപടി പറയേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

ERIYAD LOWER SECONDARY SCHOOL

൯൬. മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: താഴെ എഴുതുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടു് സദയം മറുപടി നൽകുമോ.—

(എ) എറിയാട് ലോവർസെക്കണ്ടറി സ്കൂൾ ഹൈസ്കൂൾ ആക്കി ഉയർത്തികിട്ടണമെന്ന അപേക്ഷിച്ചുകൊണ്ടു വല്ല നിവേദനവും ഗവൺമെണ്ടിന്നു സമർപ്പിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തൊക്കെ നടപടികൾ ഗവൺമെണ്ടു് എടുത്തിട്ടുണ്ടു് ?

റാവുസാഹിബ് ഐ. എൻ. മേനോൻ:

(എ) ഉവ്വ്.

(ബി) ഡിപ്പാർട്ടുമെണ്ടിന്റെ അന്വേഷണത്തിൽ ഇരിക്കുകയാണു്.

PRINCIPAL—SANSKRIT COLLEGE—TRIPPUNITTURA

൯൭. എം. കെ. വറുഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടു ദയവായി മറുപടി പറയുമോ.—

(എ) തൃപ്പൂണിത്തുറ സംസ്കൃതകോളേജു പ്രിൻസിപ്പാളിന്റെ പരീക്ഷായോഗ്യത യെന്തു്; ഇപ്പോഴത്തെ ശമ്പളമെന്തു്; പ്രിൻസിപ്പാളാകുന്നതിന്നു മുമ്പു് അദ്ദേഹത്തിന്റെ ശമ്പളമെന്തായിരുന്നു;

(ബി) ഇപ്പോഴത്തെ പ്രിൻസിപ്പാളിനു് എത്രകൊല്ലത്തെ സർവ്വീസുണ്ടു്; അദ്ദേഹത്തേക്കാൾ സർവ്വീസുള്ളവരും സംസ്കൃതത്തിൽ ബി. ഏ. യൊ, എം. ഏ. യൊ ബിരുദം നേടിയിട്ടുള്ളവരും എന്നാൽ ൧൦൦ ക. യിൽ തഴെ ശമ്പളം പറ്റുന്നവരുമായി ഇപ്പോൾ വിദ്യാഭ്യാസവകുപ്പിൽ എത്രപേരുണ്ടു്, ആരാക്കെയാണവർ;

(സി) ഇപ്പോഴത്തെ പ്രിൻസിപ്പാളിന്നു മുമ്പു് ആരായിരുന്നു പ്രിൻസിപ്പാൾ; അദ്ദേഹത്തിന്റെ പരീക്ഷായോഗ്യതയും ശമ്പളവും എന്തായിരുന്നു?

റാവുസാഹിബ് ഐ. എൻ. മേനോൻ:

(എ) സംസ്കൃതപണ്ഡിറ്റിന്റെ പരീക്ഷയും സംസ്കൃത വിദ്വാൻ പരീക്ഷയും കൂടാതെ ഇംഗ്ലീഷ് പരിജ്ഞാനവും. ഇപ്പോഴത്തെ ശമ്പളം ക. ൨൦൦—൫—൨൫൦. പ്രിൻസിപ്പാളാകുന്നതിന്നു മുമ്പിലെ ശമ്പളം ൪൦ ക. (൨൫—൪൦).

(ബി) ൨൫ കൊല്ലം. ഒരാൾ മിസ്റ്റർ എൻ. എ. രാമസ്വാമി അയ്യർ.

(സി) മിസ്റ്റർ കെ. നാരായണപിഷാരടി, ബി. എ. (ഓണേഴ്സ് സംസ്കൃതം). ക. ൨൦൦—൫—൨൫൦:

മിസ്റ്റർ എം. കെ. വറുഗീസ്: ഇപ്പോഴത്തെ പ്രിൻസിപ്പാളിന്റെ കാളിഫിക്കേഷൻ എന്താണെന്നും, ആ ജോലിക്കു വേണ്ട മിനിമം കാളിഫിക്കേഷൻ എന്താണെന്നും പറയാമോ?

റാവുസാഹിബ് ഐ. എൻ. മേനോൻ: മിനിമം കാളിഫിക്കേഷൻ സംസ്കൃതത്തിൽ പണ്ഡിത പരീക്ഷയോ വിദ്വാൻ പരീക്ഷയോ വേണമെന്നാണു്.

LIBRARY ARCHIVES Kerala Legislative Assembly